സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വില വർദ്ധനയും പൊതുവിപണിയിലെ വില വർദ്ധനവും

272 (1329) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഭക്ഷ്യവസ്തുക്കളുടെ വില വർദ്ധിപ്പിച്ചതിലൂടെ ലഭ്യമാകുന്ന അധികവരുമാനം പ്രതിമാസം എത്രയുണ്ടാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ; കോർപ്പറേഷൻ തന്നെ വില വർദ്ധിപ്പിച്ച സാഹചര്യത്തിൽ പൊതുവിപണിയിൽ ഉണ്ടായേക്കാവുന്ന വിലവർദ്ധന തടയുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

സപ്ലൈകോയുടെ പൊതുവിതരണ ശൃംഖലവഴി സബ്സിഡി നിരക്കിൽ വിതരണം ചെയ്തുവരുന്ന 13 ഇനം അവശ്യ ഭക്ഷ്യ വസ്തുക്കളുടെ വിൽപ്പന വില ഈ സാമ്പത്തിക വർഷം പുനർ നിർണ്ണയിച്ചിട്ടുണ്ട്. സപ്ലൈകോ വാങ്ങൽ വില, കടത്തുകൂലി, കയറ്റിറക്ക് കൂലി, അഡ്മിനിസ്ട്രേറ്റീവ് ഉൾപ്പെടെയുള്ള മറ്റ് ചെലവുകൾ എന്നിവ മാസംതോറും കൂടിക്കൊണ്ടിരിക്കുകയും വിൽപ്പന വില കൂട്ടാതിരിക്കുകയും ചെയ്തതുമൂലം സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതുമൂലമുള്ള നഷ്ടം വളരെയധികം വർദ്ധിക്കുകയും അത് സപ്ലൈകോയുടെ മാർക്കറ്റ് ഇടപെടൽ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള പ്രതിദിന പ്രവർത്തനങ്ങളെ ബാധിക്കുന്ന രീതിയിൽ വളരുകയും ചെയ്തതുകൊണ്ടാണ് സർക്കാർ സബ്സിഡി സാധനങ്ങളുടെ വിൽപ്പന വില പുനർനിർണ്ണയിച്ചത്. നിലവിലെ സബ്സിഡി സാധനങ്ങൾ വിതരണം ചെയ്യുന്നതു കൊണ്ട് സപ്ലൈകോയുടെ വരുമാനം വർദ്ധിക്കുന്നില്ല, മറിച്ച് സപ്ലൈകോയ്ക്ക് പ്രതിമാസം 20 കോടി രൂപയുടെ ബാദ്ധ്യത ഉണ്ടാകുന്നുണ്ട്. എന്നിരുന്നാലും സപ്ലൈകോയുടെ സബ്സിഡി വില പൊതുവിപണി വിലയേക്കാളും ശരാശരി 20 ശതമാനം മുതൽ 35 ശതമാനം വരെ കുറവാണ്. സബ്സിഡി അൽപ്പം കുറച്ച് തടസ്സമില്ലാതെ സാധനങ്ങൾ വിതരണം ചെയ്യുന്നതുമൂലം അവശ്യസാധനങ്ങളുടെ ലഭ്യത കമ്പോളത്തിൽ ഉറപ്പു വരുത്തുന്നതിനും ഇവയുടെ പൊതുവിപണി വിലയിലെ അനിയന്ത്രിതമായ വർദ്ധനവ് നിയന്ത്രിക്കുന്നതിനും സാധിച്ചിട്ടുണ്ട്. സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന സാധനങ്ങളുടെ വില പുനർ നിർണ്ണയിച്ചതോടൊപ്പം അവയുടെ ലഭ്യത ഉറപ്പുവരുത്തുന്നത് യുക്തിസഹമായ സമീപനത്തോടെയുള്ള വിപണിയിടപെടൽ പദ്ധതിയുടെ ഭാഗമാണ്.

LIBRARY ARCHIVES Kerala Legislative Assembly